**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4592** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് 19 നിയന്ത്രണങ്ങൾ കാരണം, യാത്രക്കാർ കുറയുകയും ലാഭകരമല്ലാതാവുകയും ചെയ്ത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ചാണ് സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളത്. 2020 ജനുവരി മാസത്തിൽ കെ.എസ്.ആർ.ടി.സി ശരാശരി 4425 സർവ്വീസുകളാണ് പ്രതിദിനം നടത്തിവന്നിരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ 2021 ജൂലായ് മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 3090 സർവ്വീസുകളാണ് നടത്തിയിരുന്നത്. കോവിഡ് കാല നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാരുടെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഇത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ചാണ് സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളത്. 2020 ജനുവരി മാസത്തിൽ കെ.എസ്.ആർ.ടി.സി ശരാശരി 4425 സർവ്വീസുകളാണ് പ്രതിദിനം നടത്തിവന്നിരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ 2021 ജൂലായ് മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 3090 സർവ്വീസുകളാണ് നടത്തിയിരുന്നത്. കോവിഡ് കാല നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാരുടെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിലെ കക്കയം- കൂരാച്ചുണ്ട് ഭാഗങ്ങളിലേക്ക് പോകേണ്ട യാത്രാക്കാർക്ക് ഏക ആശ്രയമായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ തയ്യാറാകുമോ? | (സി) | കോഴിക്കോട് യൂണിറ്റിൽ നിന്നും കോഴിക്കോട് കൂരാച്ചുണ്ട് റൂട്ടിൽ ഒരു സർവ്വീസ് 31.3.2021 വരെ നടത്തിയിരുന്നു. വരുമാന കുറവുമൂലമാണ് താൽക്കാലികമായി നിർത്തിയത്. കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ